ഉത്തരം

(എ) ഒരു അംഗൻവാടിയിൽ ഒരു വർക്കറും ഒരു ഹെൽപ്പറും വീതം സംസ്ഥാനത്ത് ആകെ 24,347 വർക്കർമാരും 24,347 ഹെൽപ്പർമാരും ജോലി ചെയ്യുന്നുണ്ട്.

(ബി) അനുപൂരക പോഷകാഹാരം, അനൗപചാരിക വിദ്യാഭ്യാസം, ആരോഗ്യ പരിശോധന, പ്രതിരോധ കുത്തിവയ്പുകൾ, റഫറൽ സേവനം, ആരോഗ്യ പോഷണ വിദ്യാഭ്യാസം ഇവ നൽകുന്നുണ്ട്.

(സി) അംഗൻവാടി കേന്ദ്രങ്ങൾ അനുവദിച്ചു നൽകുന്നത് കേന്ദ്ര സർക്കാരാണ്. 10-ാം പദ്ധതിയിൽ പുതിയ അംഗൻവാടികൾ അനുവദിക്കുന്നതല്ലെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള അംഗൻവാടി കേന്ദ്രങ്ങളുടെ പരിധിക്കുള്ളിൽ ജനസംഖ്യാനുപാതികമായും ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ചും അംഗൻവാടി കേന്ദ്രങ്ങൾ പുനഃക്രമീകരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. അപ്രകാരം പുനഃക്രമീകരണം നടത്തുമ്പോൾ പിന്നോക്ക മേഖലകളിൽ ആവശ്യകത അനുസരിച്ച് അംഗൻവാടികൾ തുടങ്ങുവാൻ നടപടി സ്വീകരിക്കും.

(ഡി) ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ഡി.എസ്.-ന്റെ കീഴിലുള്ള അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നതും നൽകുന്നതും കേന്ദ്രസർക്കാരാണ്. 1-4-2002 മുതൽ മുൻകാല പ്രാബല്യത്തോടെ, അംഗൻവാടി വർക്കർമാർക്ക് 500 രൂപയുടേയും ഹെൽപ്പർമാർക്ക് 240 രൂപയുടേയും ഓണറേറിയം വർദ്ധനവ് 12-3-2003-ലെ ജി.ഒ. (ആർടി.) 126/03/സാക്ഷേവ. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്.

അംഗൻവാടികളിലെ കുട്ടികൾക്ക് നൽകിവരുന്ന പോഷകാഹാരം

164 [2644] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അംഗൻവാടികളിലെ കുട്ടികൾക്ക് ഓരോ ദിവസവും എത്ര ഔൺസ് വീതം പോഷകാഹാരങ്ങൾ നൽകുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്;

(ബി) പാൽ, മുട്ട തുടങ്ങിയവ നൽകിവരുന്ന എത്ര അംഗൻവാടികൾ സംസ്ഥാനത്ത് ഉണ്ട്;

(സി) ഗ്രാമപഞ്ചായത്തുകൾ ഈ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുവാനായി ഡിപ്പാർട്ടുമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വെളിപെടുത്തുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly